പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2991

10.5.2017 ൽ
മറുപടിക്ക്

**പോലീസിന്റെ വാട്ടർ കാനനിൽ കുടിവെള്ളം നിറയ്ക്കുന്നതായ പരാതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. മമ്മൂട്ടി | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | സംസ്ഥാനത്ത് പോലീസ് ഉപയോഗിക്കുന്ന വാട്ടർ കാനൻ എത്ര എണ്ണം നിലവിലുണ്ട്; | എ) | സംസ്ഥാനത്ത് പോലീസിൽ 8 വാട്ടർ കാനൻ ഉണ്ട്. |
| ബി) | ഒരെണ്ണത്തിൽ എത്ര അളവ് ജലമാണ് നിറയ്ക്കാനാവുക; അക്രമ സമരം നടത്തുന്നവർക്കെതിരെ പ്രയോഗത്തിനായി ഒറ്റത്തവണ എത്ര അളവ് ജലമാണ് ഉപയോഗിക്കുന്നത്; | ബി) | ഒരെണ്ണത്തിൽ 12,000 ലിറ്റർ വെള്ളം നിറയ്ക്കാനാകും. അക്രമ സമരത്തിന്റെ സ്വഭാവവും പങ്കെടുക്കുന്ന സമരക്കാരുടെ എണ്ണത്തിനും സമയത്തിനും അനുസരിച്ച് ജല ഉപയോഗത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. |
| സി) | പ്രയോഗത്തിന് മുന്നോടിയായി ജലത്തോടൊപ്പം മറ്റെന്തെങ്കിലും രാസപദാർത്ഥം കലർത്താറുണ്ടോ; | സി) | ഇല്ല. |
| ഡി) | അതിരൂക്ഷമായ കുടിവെള്ളക്ഷാമം നിലനിൽക്കെ വാട്ടർ അതോറിട്ടിയുടെ കുടിവെള്ള ഫില്ലിംഗ് സ്റ്റേഷനുകളിൽ നിന്ന് പോലീസിന്റെ വാട്ടർ കാനന് ജലം നിറയ്ക്കുന്നതായ റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ഡി) | ഇല്ല. |
| ഇ) | നിയമപാലകരിൽ നിന്ന് ഇത്തരം പ്രവൃത്തികളുണ്ടാകുന്നത് അതീവ ഗൗരവമായി കാണുമോ; | ഇ) | ബാധകമല്ല. |
| എഫ്) | ഇത്തരം കാനനിൽ മുട്ടത്തറയിലെ സീവേജ് ഫാമിലെ ശുദ്ധീകരിച്ച ജലം നിറയ്ക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ? | എഫ്) | പോലീസ് വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ